**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് – ബ്രഹ്മപുരം - പാക്കേജ്, സെപ്റ്റേജ് ട്രീന്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണവും നടത്തിപ്പും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ)നം. 3310 /2015/തസ്വഭവ                തീയതി, തിരുവനന്തപുരം. 11.11.2015

==========================================================================

പരാമർശം :- 1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No 34496/2009 - യിന്മേലുള്ള ഇടക്കാല ഉത്തരവ്.

2. സ.ഉ.(കൈ)222/2013/തസ്വഭവ തീയതി 15.6.2013
3. സ.ഉ.(കൈ)70/2014/തസ്വഭവ തീയതി 3.5.2014
4. സർക്കാരിന്റെ 24.4.2015-ലെ 80948/ഡി.സി.1/2014/തസ്വഭവ നമ്പർ കത്ത്.
5. ബഹു. നഗരകാര്യക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 1.9.2015 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്
6. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പിയുടെ 3.10.2015-ലെ 2145/2010/കെഎസ്.യു.ഡി.പി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിലെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബഹു.ഹൈക്കോടതി പരാമർശം (1)-ലെ WP(C) No.34496/2009 -മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ സംയോജിത സെപ്റ്റേജ് സംസ്കരണ സംവിധാനം നടപ്പിൽ വരുത്തുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. (നിലവിൽ സുസ്ഥിര നഗര വികസന പദ്ധതികളിൽപ്പെടുത്തി മലിനജല സംസ്കരണ ശാലകൾ നിർമ്മിച്ചു വരുന്ന നഗരസഭകളിൽ പ്രസ്തുത പദ്ധതിയുമായി സംയോജിപ്പിച്ച്). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ കൊച്ചി, ആലപ്പുഴ, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. സ്ഥല ലഭ്യതയുടെ അഭാവത്തിൽ ആലപ്പുഴയിലെ പ്ലാന്റ് രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിന് പകരം കൊച്ചിൻ പോർട്ട്ട്രസ്റ്റ് സൗജന്യമായി നൽകിയ വെല്ലിംഗ്ടൺ ദ്വീപിലെ 50 സെന്റ് സ്ഥലത്ത് ഒരു പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിനും പരാമർശം (3)-ലെ ഉത്തരവ് പ്രകാരം തീരുമാനിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽപ്പെടുന്ന കൊച്ചി ബ്രഹ്മപുരം പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഇതിനകം പൂർത്തിയാക്കുകയും വെല്ലിംഗ്ടൺ ദ്വീപിലെ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്ത ബ്രഹ്മപുരം പ്ലാന്റിന്റെ തുടർ നടത്തിപ്പുമായി

[...2]

ബന്ധപ്പെട്ട് പ്രസ്തുത പ്ലാന്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെയും പ്ലാന്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ (ദിനംപ്രതി 100 ക്യൂബിക്ക് മീറ്റർ) സെപ്റ്റേജ് ശേഖരിച്ച് എത്തിക്കുന്നതിനുമുള്ള ചുമതലകൾ ക്ലീൻ കേരള കമ്പനിക്ക് നല്കുന്നതിനും അതിനായി പ്രസ്തുത പ്ലാന്റ് 6 മാസത്തേക്ക് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും പരാമർശം (4 ) പ്രകാരം തീരുമാനിച്ചിട്ടുള്ളതായും ആയതിനാൽ പ്രസ്തുത പ്ലാന്റിന്റെ തുടർ നടത്തിപ്പിന് സ്വീകരിക്കേണ്ട നടപടികളുമായി ബന്ധപ്പെട്ട് പരാമർശം (5) പ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതിനാൽ ഇക്കാര്യങ്ങൾ നടപ്പിൽ വരുത്തു ന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പ്രോജക്ട് ഡയറക്ടർ കെ.എസ്.യു.ഡി.പി പരാമർശം 6-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

1. ദിനംപ്രതി 100 ക്യൂബിക് മീറ്റർ സെപ്റ്റേജ് പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറകടറെ ചുമതലപ്പെടുത്തുക.
2. പ്ലാന്റിലെ സെപ്റ്റേജ് റിസീവിംഗ് ടാങ്കിന് സമീപത്തായി ഒരു ടാങ്ക് കൂടി സ്ഥാപിച്ച് പ്രസ്തുത ടാങ്കിൽ നിന്നും സെപ്റ്റേജ് റിസീവിംഗ് ടാങ്കിലേക്ക് 4 ഇഞ്ച് വ്യാസമുള്ള ഡെലിവറി പൈപ്പ് സ്ഥാപിച്ച് നിശ്ചിത അളവിലും വേഗത യിലും നിലവിലെ ചാനൽവഴി സെപ്റ്റേജ് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാതെയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടു ണ്ടാക്കാത്ത വിധത്തിലും ടാങ്കറുകൾ വഴി പ്ലാന്റിൽ സെപ്റ്റേജ് എത്തിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ ടാങ്കർ ലൈസൻസ് നല്കാൻ കൊച്ചി നഗരസഭയെയും രജിസ്ട്രേഷനും പാസ്സും മറ്റു ക്രമീകരണങ്ങളും ഏർപ്പെടുത്താൻ ക്ലീൻകേരള കമ്പനിയെയും, സുരക്ഷാ ക്രമീകരണങ്ങൾ, പിഴ വ്യവസ്ഥകൾ എന്നിവയടക്കമുള്ള നിയമാവലിയുടെ കരട് തയ്യാറാക്കുന്നതിന് പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസറായ സി.ഡി. എം. സ്മിത്തിനെയും ചുമതലപ്പെടുത്തുക.
4. പ്ലാന്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെയും അറ്റകുറ്റപണികളുടെയും മേൽനോട്ടത്തിന് കൊച്ചി നഗരസഭയിലെ കെ.എസ്.യു.ഡി.പി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ ടെക്നിക്കൽ ആഫീസറുടെ (എൻവയോൺമെന്റ്) സേവനം പ്രോജക്ട് മാനേജരുടെ മേൽനോട്ടത്തിൽ ലഭ്യമാക്കുക.
5. ഒരു ടാങ്കർ സെപ്റ്റേജിന് ഒരുവീട്ടിൽ നിന്ന് ഈടാക്കാവുന്ന തുക 3000/- രൂപയായി നിജപ്പെടുത്തുന്നതിന് തീരുമാനിച്ചു. പ്ലാന്റിന്റെ മെയിന്റനൻസ്, കറണ്ട് ചാർജ്ജ്, വെള്ളക്കരം, ഡീസൽ മുതലായ ചെലവുകൾക്കായി വരുന്ന തുക യൂസർ ചാർജ്ജിൽ നിന്നും നീക്കി വയ്ക്കുക.

[...3]

6. പ്ലാന്റിൽ നിന്നും പുറംതള്ളുന്ന ട്രീറ്റഡ് എഫ്ളുവന്റ് ജലസേചന ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതും, ഇതിനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നതുവരെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾക്കു വിധേയമായി സമീപത്തെ ജലാശയങ്ങളിലേക്കോ, സോക്പിറ്റിലേക്കോ ഒഴുക്കിവിടാൻ നടപടി സ്വീകരിക്കുക.
7. പ്ലാന്റിന് ചുറ്റും 25 മീറ്റർ ചുററളവിൽ ഒരു ബഫർസോൺ നിർമ്മിക്കുന്നതിന് കൊച്ചി നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുക.

പരാമർശത്തിലെ 4, 5 തീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. ബ്രഹ്മപുരത്തുള്ളപാക്കേജ് സെപ്റ്റേജ് ട്രീന്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവും നടത്തിപ്പും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളായി ഇവയെ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പ്ലാന്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെയും ആവശ്യമായ സെപ്റ്റേജ് ശേഖരിച്ച് എത്തിക്കുന്നതിനുള്ള ചുമതല ക്ലീൻ കേരള കമ്പനിയിൽ നിക്ഷിപ്തമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),

**എ പി എം മുഹമ്മദ് ഹനീഷ്**
*ഗവൺമെന്റ് സെക്രട്ടറി*

പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സെക്രട്ടറി ( നഗരകാര്യ വകുപ്പ് ) -യുടെ പി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ